# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.239 — 26.02.2018 ൽ മറുപടിക്ക്

### തസ്തിക നിർണ്ണയം

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ നിലവിൽ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ തസ്തിക നിർണ്ണയിച്ച രീതി വിശദമാക്കുമോ; തസ്തിക നിർണ്ണയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ 1961 ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുണ്ടായിരുന്നത്. ഇതിന് 2008 ൽ ചില ഭേദഗതി വരുത്തിയെങ്കിലും ജനസംഖ്യാനുപാതികമായി ജീവനക്കാരുടെ എണ്ണം പുതുക്കി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സമഗ്ര ആരോഗ്യ പദ്ധതിയായ ആർദ്രം മിഷനിലൂടെ ശാസ്ത്രീയമായ മാറ്റം ഈ രംഗത്ത് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | സംസ്ഥാനത്തെ പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ 170 സ്ഥാപനങ്ങളിലേക്ക് ഓരോ ഡോക്ടറുടെ തസ്തികയും, ജില്ല/ജനറൽ/താലൂക്കാശുപത്രികളി ലേക്കായി 266 ഡോക്ടർമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആയതിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ ഓരോ ആശുപത്രിയിലും നിത്യേന നിരവധി രോഗികൾ ചികിത്സക്കായ് എത്തുന്നുണ്ടെങ്കിലും അശാസ്ത്രീയ തസ്തിക നിർണ്ണയം കാരണം ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ഇല്ലെന്നതിന്റെ കാരണം പരിശോധിക്കുമോ; | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ഇവിടെ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരും മറ്റ് അനുബന്ധ സ്റ്റാഫുകളുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി ഓരോ ആശുപത്രിയിലും നിത്യേന വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി മൊത്തം 1721 അടക്കം ആരോഗ്യ വകുപ്പിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | അശാസ്ത്രീയമായ സ്റ്റാഫ് പാറ്റേൺ പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | 02.08.1961 ലെ ജി.ഒ. (ആർ.ടി.)നം.3150/61/ആ.ക.വ പ്രകാരം സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി.വിഭാഗം കിടക്കകളുടെ എണ്ണം മാത്രം |

| | | | |
|---|---|---|---|
| | | | ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം 2008-ൽ സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി 06.11.2008-ലെ ജി.ഒ.(എം.എസ്) നം.568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഈ ഗവൺമെന്റ് വന്നതിനുശേഷം മൊത്തം 1721 തസ്തികകളും ആകെ 4271 തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | കേന്ദ്ര സർക്കാർ തന്നെ തത്വത്തിൽ അംഗീകരിച്ച ബ്രിഡ്ജ് കോഴ്സ് എന്ന ആശയം ഡോക്ടർമാരുടെ അഭാവത്തെയാണ് കാണിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; ആരോഗ്യ വകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിലെ രോഗികളുടെ വിശദമായ വിവരം പരിശോധിച്ച് തസ്തിക ക്രമീകരണവും തസ്തിക നിർണ്ണയവും നടത്താൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ഇ) | കേരളത്തിൽ എല്ലാ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി തലം വരെ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇവയുടെ ഒക്കെ നിലവാരം ഉയർത്തി എല്ലാ ചികിത്സാ സൗകര്യങ്ങളും ജില്ലാ ആശുപത്രിയിൽ തന്നെ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നത്. രോഗികളുടെ എണ്ണമനുസരിച്ച് ഡോക്ടർമാരുടെ എണ്ണവും ക്രമീകരിക്കാൻ പുതിയ പദ്ധതിയായ ആർദ്രം പര്യാപ്തമാണ്. ഡോക്ടർമാർക്ക് ബ്രിഡ്ജ് കോഴ്സ് എന്ന ആശയത്തോട് ചികിൽസാ രംഗത്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തിയിട്ടുള്ള ഈ സർക്കാരിന് യോജിപ്പില്ല. |

സെക്ഷൻ ഓഫീസർ